കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - ചടയമംഗലം ഗ്രാമ പഞ്ചായത്ത് - ട്രഷറി വകുപ്പിന് സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 1030/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 25-4-2014

**പരാമർശം** :-1) ചടയമംഗലം ഗ്രാമ പഞ്ചായത്തിന്റെ 10/9/2012-ലെ XII , 7/6/2013-ലെ III എന്നീ നമ്പർ തീരുമാനങ്ങൾ

2. ചടയമംഗലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 5/10/2012, 25/7/2013 എന്നീ തീയതികളിലെ എ1 8145/12 നമ്പർ കത്തുകൾ

3. പഞ്ചായത്ത് ഡയറക്ടറുടെ 5/3/2013-ലെ സി2 3322/13 നമ്പർ കത്ത്

4. ചടയമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25-7-2013 -ലെ എ1 8145/12 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ ചടയമംഗലം ഗ്രാമ പഞ്ചായത്ത് വക ചടയമംഗലം വില്ലേജ് ബ്ലോക്ക് 42, സർവ്വേ 152/20 -ൽപ്പെട്ട 58 സെന്റ് ഭൂമിയിൽ നിന്നും അതിന്റെ അതിർത്തിയോട് ചേർന്ന് വടക്കുപടിഞ്ഞാറ് ഭാഗത്ത് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിനും സാംസ്കാരിക നിലയം കെട്ടിടത്തിനും മദ്ധ്യഭാഗത്തായുള്ള ഏഴ് സെന്റ് സ്ഥലം ചടയമംഗലം സബ്ട്രഷറിക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ചടയമംഗലം ഗ്രാമപഞ്ചായത്ത് കമ്മിറ്റി സർക്കാരിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി..

31-3-1980-ലെ 1361/1980 നമ്പർ വിലയാധാരപ്രകാരം വികസന ആവശ്യങ്ങൾക്കായി ചടയമംഗലം ഗ്രാമപഞ്ചായത്ത് വാങ്ങിയതാണ് പ്രസ്തുത സ്ഥലം. ആയത് ഗ്രാമപഞ്ചായത്തിന്റെ കൈവശത്തിലാണെന്ന് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥലം വിട്ടുകൊടുക്കുന്നത് കമ്മ്യൂണിറ്റി ഹാളിനും സാംസ്കാരിക നിലയത്തിനും ദോഷകരമല്ലെന്ന് സൂചന (4) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിൻപ്രകാരം ചടയമംഗലം വില്ലേജ് ബ്ലോക്ക് 42, സർവ്വേ 152/20 -ൽപ്പെട്ട 58 സെന്റ് ഭൂമിയിൽ നിന്നും അതിന്റെ അതിർത്തിയോട് ചേർന്ന് വടക്കുപടിഞ്ഞാറ് ഭാഗത്ത് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിനും സാംസ്കാരിക നിലയം കെട്ടിടത്തിനും മദ്ധ്യഭാഗത്തായുള്ള ഏഴ് സെന്റ് സ്ഥലം ചടയമംഗലം സബ്ട്രഷറിക്കാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് ചടയമംഗലം ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻപ്രകാരം
കെ.കെ.രാജഗോപാലൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സെക്രട്ടറി, ചടയമംഗലം ഗ്രാമപഞ്ചായത്ത്, കൊല്ലം
ധനകാര്യ വകുപ്പ്
നിയമവകുപ്പ് (19-3-2014-ലെ 5971/ഡി3/2014/നിയമം പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.